**File No.FWLD-D1-349/2019-FWLD**

**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം **നം.893** — **30.10.2019 -ൽ മറുപടിയ്ക്ക്**

**സർക്കാർ ഉടമസ്ഥതയിലുള്ള മരങ്ങൾ കണ്ടെത്താൻ നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല : | | അഡ്വ.കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | മുണ്ടേരി വനത്തിലുണ്ടായ ഉരുൾപൊട്ടലിലും മലവെള്ള പ്പാച്ചിലിലും ഒഴുകി എത്തിയ വിലപിടിപ്പുള്ള മരങ്ങൾ പുഴയിലും പ്രദേശത്തെ വീടുകൾക്കുമുന്നിലും കിടന്നു നശിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | വനം വകുപ്പിന്റെ ഉടമസ്ഥതയിലു ള്ളതും തേക്ക്, മരുത്, ഈട്ടി, മഹാഗണി എന്നീ ഗണത്തിൽ പെട്ടതുമായ ഈ മരങ്ങൾ തിരിച്ചെടുക്കാൻ വനം വകുപ്പ് അടിയന്തിര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (ബി) | ഇപ്രകാരമുള്ള മരങ്ങൾ കണ്ടെത്തുന്നതിന് 3 ടീമുകളെ രൂപീകരിച്ച് കടലിലും, കടലിന്റെ തീരങ്ങളിലും, ചാലിയാർ പുഴയുടെ തീരങ്ങളിലും തിരച്ചിൽ നടത്തിയിട്ടുണ്ട്. കണ്ടെത്തിയ തടികൾ ഡിപ്പോയിലേയ്ക്ക് നീക്കം ചെയ്തിട്ടുണ്ട്. ഒഴുകി എത്തിയതും പുഴകളിൽ കിടക്കുന്നതുമായ മരങ്ങളിൽ സർക്കാരിന് ലാഭകരമാകുന്ന മരങ്ങൾ ശേഖരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇങ്ങനെ കണ്ടെത്തിയ |

| | |
|---|---|
| | സർക്കാർ മരങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭം മൂലം ജനങ്ങളുടെ വീടിനും റോഡ് ഗതാഗതത്തിനും ഭീഷണിയായി നിൽക്കുന്ന മരങ്ങൾ യഥാസമയം കണ്ടെത്തി മുറിച്ച് നീക്കം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (സി) സംസ്ഥാനത്തിന്റെ ഇതര പ്രദേശങ്ങളിൽ കാലവർഷക്കെടുതിയിൽ കടപുഴകി വീണതും കോടികൾ വിലമതിക്കുന്നതുമായ സർക്കാർ മരങ്ങൾ കണ്ടെത്തുന്നതിനും തിരിച്ചെടുക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (സി) കാലവർഷക്കെടുതിയിൽ കടപുഴകി വീണ വിലപിടിപ്പുള്ള മരങ്ങൾ കണ്ടെത്തുന്നതിനും തിരിച്ചെടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെ; വിശദാംശങ്ങൾ നൽകുമോ? | (ഡി) ഇങ്ങനെ കണ്ടെത്തിയ സർക്കാർ മരങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭം മൂലം ജനങ്ങളുടെ വീടിനും റോഡ് ഗതാഗതത്തിനും ഭീഷണിയായി നിൽക്കുന്ന മരങ്ങൾ യഥാസമയം കണ്ടെത്തി മുറിച്ച് നീക്കം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ